## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1601** **05.02.2019-ൽ മറുപടിയ്ക്ക്**

### റാന്നി നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ) | 2018 ലെ പ്രളയത്തിൽ വീട് പൂർണ്ണമായി തകർന്നവർക്ക് പകരം വീട് നിർമ്മിക്കുന്നതിന് എന്തു സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; വീടിന് ഭാഗികമായി നാശനഷ്ടം സംഭവിച്ചവർക്ക് എത്ര തുകയാണ് പരമാവധി അനുവദിക്കുന്നത്; ഇതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; | എ) | 21.06.2018 തീയതിയിലെ സ.ഉ(കൈ)നം. 07/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ദുരന്തത്തിൽ പൂർണ്ണമായും തകർന്ന (fully or severely damaged) ഒരു വീടിന് അനുവദിക്കുന്ന പരമാവധി തുക 4,00,000/- (നാല് ലക്ഷം) രൂപയാണ്. ഇതിൽ 95,100/- രൂപ (നിരപ്പായ സ്ഥലം) അല്ലെങ്കിൽ 1,01,900/- രൂപ (മലയോര മേഖല) എന്ന നിലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരവും, ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് നൽകുന്നത്.<br><br>കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 19 പ്രകാരം എല്ലാവർക്കും ഒരേ മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ, 26.10.2018-ലെ സ.ഉ(കൈ)നം.24/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം ചുവടെ പറയുന്ന മിനിമം റിലീഫ് കോഡ് അംഗീകരിക്കുകയും Technically competent ആയ തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസിയർ/എഞ്ചിനീയർ പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ട ശതമാനം കണക്കാക്കുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ |

ദുരിതാശ്വാസ നിധിയിൽ നിന്നും ചുവടെ ചേർക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മിനിമം റിലീഫ് കോഡ്**

| നഷ്ടം ശതമാന കണക്കിൽ | മലയോര പ്രദേശങ്ങൾ | | സമതല പ്രദേശങ്ങൾ | | തകർച്ച നേരിട്ട വീടുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും സംസ്ഥാന ദുരന്തപ്രതികരണ നിധിയും ചേർത്ത് നൽകുവാൻ ശുപാർശ ചെയ്യുന്ന തുക |
|---|---|---|---|---|---|
| | | | | | |
| 0-14 | 0 | 0 | 0 | 0 | 0 |
| കുറഞ്ഞത് 15% | 5,200 | 4,800 | 5,200 | 4,800 | 10,000 |
| 16-29 | 30,500 | 29,500 | 28,500 | 31,500 | 60,000 |
| 30-59 | 51,000 | 74,000 | 47,500 | 77,500 | 1,25,000 |
| 60-74 | 76,500 | 1,73,500 | 71,000 | 1,79,000 | 2,50,000 |
| 75-100 | 1,01,900 | 2,98,100 | 95,100 | 3,04,900 | 4,00,000 |

| | | | |
|---|---|---|---|
| ബി) | പ്രളയബാധിതർക്ക് വീട് നൽകുന്നതും ലൈഫ് മിഷൻ പദ്ധതിയും തമ്മിൽ ബന്ധപ്പെടുത്തിയിട്ടുണ്ടോ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഇല്ല. |

സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുവദിക്കുന്ന വീടുകളുടെ എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

സി)

| ഗ്രാമപഞ്ചായത്തിന്റെ പേര് | വീടുകളുടെ എണ്ണം | | | |
|---|---|---|---|---|
| | ജനറൽ | എസ്.സി | എസ്.ടി | ആകെ |
| അയിരൂർ | 26 | 1 | 0 | 27 |
| ചെറുകോൽ | 9 | 2 | 0 | 11 |
| എഴുമറ്റൂർ | 13 | 1 | 0 | 14 |
| കൊറ്റനാട് | 18 | 1 | 0 | 19 |
| കോട്ടാങ്ങൽ | 38 | 0 | 0 | 38 |
| നാറാണംമൂഴി | 65 | 3 | 8 | 76 |
| റാന്നി | 12 | 1 | 0 | 13 |
| റാന്നി അങ്ങാടി | 23 | 0 | 0 | 23 |
| റാന്നി പഴവങ്ങാടി | 38 | 1 | 0 | 39 |
| റാന്നി പെരുനാട് | 33 | 4 | 6 | 43 |
| വടശ്ശേരിക്കര | 28 | 4 | 0 | 32 |
| വെച്ചൂച്ചിറ | 80 | 5 | 0 | 85 |
| ആകെ | 383 | 23 | 14 | 420 |

ഡി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട വീടും സ്ഥലവും ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി എന്ന് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

ഡി) ഭൂരഹിത ഭവനരഹിരായ ഗുണഭോക്താക്കൾക്ക് വീടും സ്ഥലവും നൽകുന്നത് ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിലാണ്. ആയതിന് 2019-20 സാമ്പത്തിക വർഷത്തിലാണ് തുടക്കം കുറിക്കുന്നത്.

ഇ) ലൈഫ് മിഷനിൽ ഉൾപ്പെട്ട വീട് നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി എന്ന് നടപ്പാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഇ) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെ പൂർത്തീകരിക്കു വാനായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 4205 വീടുകൾ 2019 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**